Santhigiri

ഗുരുവാണി
"ഭക്തന്റെ സ്ഥാനം ഗുരുവിന്റെ മടിയിലാണ്.
ഗുരുവിന്റെ സ്ഥാനം ഭക്തന്റെ ഹൃദയത്തിലും."

ഉമ്മിണിതങ്കം
VOL 04 | ISSUE 24 | 2018 ജൂൺ 03 | 1193 ഇടവം 20

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# അഭിവന്ദ്യ ശിഷ്യപൂജിതയ്ക്ക് കൊട്ടാരക്കരയുടെ വരവേൽപ്പ്

**കൊട്ടാരക്കര :** മൂന്നുദിവസത്തെ സന്ദർശനത്തിനായി കൊട്ടാരക്കരയിലെത്തിയ ഗുരുസ്ഥാനീയ അഭിവന്ദ്യ ശിഷ്യപൂജിതയ്ക്ക് ആത്മബന്ധുക്കളും നാട്ടുകാരും ചേർന്ന് സ്നേഹോഷ്മള സ്വീകരണം നല്കി. ജൂൺ 2 ശനിയാഴ്ച രാവിലെ പതിനൊന്നു മണിയോടെയാണ് അഭിവന്ദ്യ ശിഷ്യപൂജിത കൊട്ടാരക്കരയിലെത്തിയത്. സന്ന്യാസിസന്ന്യാസിനിമാരും നൂറുകണക്കിന് ആത്മബന്ധുക്കളും ശിഷ്യപൂജിതയെ അനുഗമിച്ചിരുന്നു. ആനക്കോട്ടൂരുള്ള ആത്മബന്ധുവിന്റെ ഭവനത്തിലേക്കാണ് അഭിവന്ദ്യ ശിഷ്യപൂജിത ആദ്യമെത്തിയത്. അവിടെ അല്പസമയം വിശ്രമിച്ചശേഷം സമീപപ്രദേശങ്ങളിലെ ഏതാനും ആത്മബന്ധുക്കളുടെ ഭവനങ്ങളും സന്ദർശിച്ചു. വൈകുന്നേരം അഞ്ച് മണിയോടെ ശാന്തിഗിരി ആശ്രമം കൊട്ടാരക്കര ബ്രാഞ്ചിലെത്തിയ ശിഷ്യപൂജിതയെ സന്ന്യാസിമാരും ആത്മബന്ധുക്കളും ചേർന്ന് പൂർണ്ണകുംഭം നൽകിയാണ് വരവേറ്റത്. തുടർന്ന് ഗുരുദർശനവും തട്ടം സമർപ്പണവും നടന്നു. ഇന്നു രാവിലെ 9.15 ന് ഗുരുദർശനം ഉണ്ടായിരിക്കും. തുടർന്ന് സന്ന്യാസിസന്ന്യാസിനിമാർ, ആത്മബന്ധുക്കൾ, പൗരപ്രമുഖർ എന്നിവർ പങ്കെടുക്കുന്ന സത്സംഗം ആരംഭിക്കും. സത്സംഗത്തിൽ കൊട്ടാരക്കര ബ്രാഞ്ചാശ്രമത്തിന്റെ ചരിത്രം വിവരിക്കുന്ന പ്രത്യേകം പാഥേയം എപ്പിസോഡ് പ്രദർശിപ്പിക്കുന്നതാണ്. ഭക്തിഗാനസുധ, വിവിധ കലാപരിപാടികൾ എന്നിവയും ഉണ്ടായിരിക്കും. നാളെ രാവിലെ ഏഴു മണിയോടെ അവിടെനിന്ന് യാത്രതിരിക്കുന്ന അഭിവന്ദ്യ ശിഷ്യപൂജിത ഏതാനും ആത്മബന്ധുക്കളുടെ ഭവനങ്ങൾ സന്ദർശിച്ച ശേഷം ഉച്ചതിരിഞ്ഞ് 2 മണിക്ക് കേന്ദ്രാശ്രമത്തിൽ എത്തിച്ചേരും.

ആശ്രമചരിത്രത്തിൽ കൊട്ടാരക്കര എന്ന ഈ ദേശത്തിനു സവിശേഷമായ പ്രാധാന്യമാണുള്ളത്. പൂജിതപീഠം സമർപ്പണം ആഘോഷം അത് വിളിച്ചോതുന്നു. ജീവിതം പുണ്യത്തിലേക്കും ഭാഗ്യത്തിലേക്കും എത്തിക്കാൻ കഴിയുന്നത് ഗുരുമാർഗസത്യത്തിൽ വിശ്വസിക്കുന്നതിലൂടെ മാത്രമാണ്. അത് കാലാനുസാരിയായ ധർമ്മം വിഭാവന ചെയ്യുന്ന, മാർഗദർശനം ചെയ്യുന്ന ഗുരുമാർഗം. ഈ ആശയത്തിൽ വിശ്വസിച്ച് അനുഭവങ്ങൾകൊണ്ട് ശക്തിയാർജ്ജിച്ച ഒരു കുടുംബം ഗുരുവിന് ഒരു രജതപീഠം സമർപ്പിച്ചു. ജന്മാന്തരങ്ങളായി തങ്ങളുടെ കുടുംബത്തെ ബാധിച്ചു നില്ക്കുന്നതും കാലാകാലങ്ങളായി സ്വന്തം നാടിനെ ഗ്രസിച്ചു നില്ക്കുന്നതുമായ പാപക്കെടുതികൾക്ക് ശാശ്വതമായ മോചനം കിട്ടുക എന്നതായിരുന്നു പീഠം സമർപ്പണത്തിനു പിന്നിലുള്ള സങ്കല്പം. 2003 ഫെബ്രുവരി 22 നായിരുന്നു ആ മഹനീയ കർമ്മം നടന്നത്. ദൈവനിയോഗത്തിന്റെ അനുഭവസിദ്ധാന്തവും യുഗധർമ്മത്തിന്റെ ബ്രഹ്മനിശ്ചയവുമായ നവജ്യോതിശ്രീ കരുണാകരഗുരുവിന്റെ ദൗത്യപൂർത്തീകരണത്തിനായി ബ്രഹ്മാവലോകധിഷണയായി ജന്മം കൊണ്ട ശിഷ്യപൂജിതയുടെ സങ്കൽപ്പ പൂർത്തീകരണദിനത്തിൽത്തന്നെ നിർവഹിക്കപ്പെട്ടത് സമുചിതവും സാർത്ഥകവുമായി. ശാന്തിഗിരി ഗുരുധർമ്മപ്രകാശസഭയിലെ സന്ന്യാസിനിയും മേൽപ്പറഞ്ഞ കുടുംബത്തിലെ അംഗവുമായ ജനനി നിശ്ചിത ജ്ഞാനതപസ്വിനിയുടെ ആത്മീയ ദർശനാനുഭവത്തിൽ തെളിഞ്ഞതാണ് പൂജിതപീഠം സമർപ്പണം എന്നത് ഈ കർമ്മത്തിന്റെ ധന്യത വെളിപ്പെടുത്തുന്നു.

2003 ഫെബ്രുവരി 21 ന് രാവിലെ പോത്തൻകോട് ശാന്തിഗിരി ആശ്രമത്തിൽ നിന്നും ആരംഭിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ വിശ്വാസികളും പൗരാവലിയും നല്കിയ വരവേല്പുകൾ ഏറ്റുവാങ്ങി വന്ന പൂജിതപീഠ വാഹക ഘോഷയാത്രയും കൊട്ടാരക്കര നഗരവീഥികളെ ചുറ്റിയുള്ള ശാന്തിയാത്രയും ഈ നാടിന്റെ ആത്മഹർഷമായി മാറി. തിരികെ അർദ്ധരാത്രിയോടെ കേന്ദ്രാശ്രമത്തിൽ എത്തിച്ചേർന്ന പൂജിതപീഠത്തിന് ഭക്തിനിർഭരമായ വരവേല്പ് ലഭിച്ചു. രാവിലെ ആറു മണിയുടെ ആരാധനയ്ക്ക് ശേഷം പർണ്ണശാലയിൽ ഗുരുവിന് സമർപ്പിച്ച പൂജിതപീഠത്തിൽ വൈകുന്നേരം ആരാധനയ്ക്ക് ശേഷം ആത്മബന്ധുക്കൾക്ക് പുഷ്പം സമർപ്പിച്ചു.

ആരാധനാദോഷത്തിലൂടെ ഉണ്ടായ ഭാഗ്യക്കുറവും അതിലൂടെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതവും തലമുറകളിൽ നിന്നും തലമുറകളിലേക്ക് പകർന്നു പകർന്നു പോകുന്ന കർമ്മദോഷവും മാറി പുണ്യാർജ്ജിതത്തിന് വഴിയും വെളിച്ചവുമായി നില്ക്കുന്ന ഗുരുകാരുണ്യം ഈ നാടിന്റെ സമ്പത്താണ്. പൂജിതപീഠം സമർപ്പണകർമ്മത്തിന് ആധാരമായ ഈ ഭൂമിയിലേക്ക് അഭിവന്ദ്യ ശിഷ്യപൂജിത വീണ്ടും എത്തുമ്പോൾ ആത്മബന്ധുക്കളും നാട്ടുകാരും ഒരുപോലെ പ്രാർത്ഥനയിലാണ്.



# ഗുരുവാണി

ഏതിലും സങ്കരമാണിന്ന്. മനുഷ്യരിലും പക്ഷിമൃഗാദികളിലും തുടങ്ങി ചെടികൾവരെ ഇന്ന് സങ്കരവർഗങ്ങളാണ്. വളത്തിലും പാലിലും ആഹാരപദാർത്ഥങ്ങളിലെല്ലാം തന്നെയും സങ്കരമാണ്. മരുന്നിനകത്ത് ചേർക്കാനുള്ള തേൻ സങ്കരമില്ലാതെ കിട്ടുകയില്ല. ഈ നിലയിൽ സങ്കരകാലം വന്നിരിക്കുകയാണ്. ഇനി മതസങ്കരം വരും. അടുത്ത് വരാൻ പോകുന്നതാണ്, മതങ്ങൾ തമ്മിലടിച്ച് ജയിക്കുകയില്ലെന്നു കാണുമ്പോൾ ഒരു സങ്കരത്വം. ഇപ്പോൾ ജാതിയൊക്കെ പറയുന്നുണ്ടെങ്കിലും ജാതിയുടെ കൂറ് കൂടുതലായി പറയുന്നതിനൊരു മാനക്കേടുണ്ട്. എന്നാലും രഹസ്യമായി ചോദിക്കും - പേരിത്രയേ ഉള്ളോ? പേരിൽ നീട്ടി വല്ലതുമുണ്ടോയെന്ന്. മുമ്പ് തലശ്ശേരി, കണ്ണൂർ, കോഴിക്കോട് എന്നീ ഭാഗത്തുനിന്നുള്ളവർ തിരുവനന്തപുരത്തുവന്നാൽ പേരു മാത്രമേ കാണുകയുള്ളൂ. വാലുവയ്ക്കാതെ ഈ പേരുമാത്രം കൊണ്ട് ഇവിടെ (തിരുവനന്തപുരത്ത്) അവരുടെ കാര്യങ്ങൾ നടക്കാതെ വന്നപ്പോൾ അവരും വാലുവച്ചു തുടങ്ങി.

ഇപ്പോൾ എല്ലാപേരും നായരും പിള്ളയും മേനോനും കുറുപ്പുമെന്നൊക്കെ വച്ചിട്ടുണ്ട്. പക്ഷേ വടക്ക് അവരുടെ നാട്ടിലിതില്ല. തലശ്ശേരി, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിലൊക്കെ ചെന്നാൽ ഇത് വ്യക്തമായറിയാം. ഇതുകൊണ്ട് നമ്മൾ മനസ്സിലാക്കേണ്ടത് ഈ ജാതിയാണ് നമ്മളെ നശിപ്പിച്ചിരിക്കുന്നതെന്നാണ്. ഈ ജാതിയെ എങ്ങനെ ഇവിടെനിന്ന് കളയാം? ഗുരുക്കന്മാരെ നിങ്ങളറിയണമെങ്കിൽ, അവരോട് നിങ്ങൾക്ക് സ്നേഹം വരണമെങ്കിൽ ഈ ജാതി നിങ്ങളുടെ കയ്യിൽനിന്ന് പോകണം. ഇല്ലെങ്കിൽ നിങ്ങളുടെ ജാതിയോട് സ്നേഹം വരുമ്പോൾ, ഗുരുവിന്റെ മഹിമയെ ഉൾക്കൊള്ളാൻ കഴിയാതെ വരും. ചില ആളുകൾ പറയുന്നത് കേട്ടിട്ടില്ലേ - 'കാര്യമൊക്കെ കൊള്ളാം, പക്ഷേ ഒരു നായർസ്ത്രീയുടെ വയറ്റിൽ പിറന്നിരുന്നെങ്കിൽ...' എങ്കിൽ കൊള്ളാമായിരുന്നു എന്ന്.! ഇങ്ങനെ പറഞ്ഞുകളയും. അപ്പോൾ എന്തുമാത്രം ഉള്ളിന്റെയുള്ളിൽ ഇക്കാര്യം ഇരിക്കുകയാണ്. ഇത് നമുക്ക് വരാൻ പാടില്ല. മനുസ്മൃതിയിൽ ഒരു ഭാഗത്ത് മഹാത്മാക്കളുടെ വർണ്ണങ്ങൾ ചോദിക്കരുതെന്നാണ് പറഞ്ഞിരിക്കുന്നത്. ജാതിയെ അല്ല വർണ്ണങ്ങൾ എന്നുപറയുന്നത്. മുമ്പ് പറഞ്ഞ നാലു വർണ്ണങ്ങളാണ്. അവൻ ശൂദ്രനായിരിക്കാം. എന്നാലും ചോദിക്കാൻ പാടില്ല. അതിനുദാഹരണമായി പറഞ്ഞിരിക്കുന്നത് നദിയുടെ ഉത്ഭവസ്ഥാനവും മഹാത്മാക്കളുടെ ജനനസ്ഥാനവും അന്വേഷിക്കരുതെന്നാണ്. പക്ഷേ നമ്മളെന്താണ് ചെയ്യുന്നത്? എവിടെ ജനിച്ചു, ആരാണ്, ആരുടെ മകനാണ് എന്നൊക്കെ അന്വേഷിച്ചിട്ടാണ് ഗുരുവെ സ്വീകരിക്കാനാരംഭിക്കുന്നത്.

ഗുരുക്കന്മാരുടെ കള്ളമെന്നു പറയുന്ന ഭാഗം നിങ്ങൾക്ക് മനസ്സിലാകണമെങ്കിൽ മറ്റു ചിലതുകൂടിയുണ്ട്. ഈ ഗുരുക്കന്മാരെപ്പറ്റി പൂർണ്ണമായിട്ടറിയാനേ നമുക്ക് കഴിയില്ല. പിന്നെ ഗുരുക്കന്മാരുടെ സ്ഥാനത്തെപ്പറ്റി ബഹുമാനിച്ചറിയാനറിയില്ല. അറിയാത്ത ഗതികേട് നമുക്ക് വന്നുപോയതുകൊണ്ടും ഇതിനെ മാനിച്ചറിയാനുള്ള അവസരം ലഭിക്കാത്തതുകൊണ്ടും നമുക്ക് കുറെ അറിവുകേടൊക്കെ ഈ കേരളത്തിനകത്ത് അല്ലെങ്കിൽ ദക്ഷിണേന്ത്യയിൽത്തന്നെയും വന്നിട്ടുണ്ട്. നിങ്ങൾ കുറെ ബോധവാന്മാരായാലേ നമുക്കിത് മാറ്റം ചെയ്യാൻ പറ്റൂ. ഗുരുവിന്റെ കള്ളമെന്ന് പറയുന്നതും അപ്പോഴേ നിങ്ങൾക്ക് പറഞ്ഞാൽ മനസ്സിലാകുകയുള്ളൂ. ഗുരുവിന്റെ കള്ളത്തിന്റെ ഒരു ചെറിയരീതി പറയാം. നബിയുടെ ചരിത്രമെടുത്തു നോക്കിയാൽ അല്ലെങ്കിൽ യേശുവിന്റെയോ കബീർദാസിന്റെയോ രാമാനന്ദന്റെയോ ചരിത്രമെടുത്തു നോക്കിയാൽ ഓരോ ഗുണങ്ങൾ അവരിൽ വിശേഷിച്ചു നിൽക്കുന്നതായി കാണാം. എന്താണിങ്ങനെ വിശേഷിച്ചുനിൽക്കുന്ന അറിവ് ? നബി നാൽപതു വയസ്സുവരെ ഒരു സാധാരണ മനുഷ്യനെപോലെ ജീവിച്ച ആളാണ്. വിഗ്രഹം കൊത്തിവിൽക്കുന്ന സാധാരണ ഒരാശാരിയുടെ മകനായിരുന്നു. യേശുവിന്റെ ചരിത്രവും അങ്ങനെയാണ്. പക്ഷേ ചരിത്രത്തിൽ അവർ എത്ര ഉയർന്നു നിൽക്കുന്നു.

## വചനദീപ്തി

**മേൽജാതി എന്നും കീഴ്ജാതി എന്നും ഉള്ള വേർതിരിവ്**
**സ്വാർത്ഥൻമാരുണ്ടാക്കിയ കെട്ടുകഥ മാത്രമാണ്.**
**അതിനെ സമ്മതിച്ചുകൊടുക്കേണ്ട കാര്യമില്ല.**

ശ്രീനാരായണഗുരു

### സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

2018 ജൂൺ 8 – ലക്ഷ്മിപുരം, കാഞ്ഞാംപാറ
2018 ജൂൺ 9 – ശാന്തിഗിരി ജംഗ്ഷൻ

### യാമപ്രാർത്ഥന

2018 ജൂൺ 7
പോത്തൻകോട്, പാലോട്ടുകോണം, ആനന്ദപുരം

### ജന്മഗൃഹ തീർത്ഥയാത്ര

2018 ജൂൺ 23 ശനി

## പ്രകാശപദം

# തീർത്ഥയാത്ര

ഒരു തീർത്ഥയാത്രയിൽ നമ്മളെല്ലാവരും ആത്മസാക്ഷാത്കാരത്തിൽ വളരുന്ന പാതയിൽ കർമവും ധർമവുമായിട്ട് സഞ്ചരിക്കുമ്പോൾ, ആ കർമത്തിൽ വരുന്ന പിശകെന്താണെന്ന് മനസിലാക്കണം. ധർമത്തിൽ വരുന്ന ശരിയെന്താണെന്നും മനസിലാക്കണം. സനാതനധർമത്തിന്റെ തിരുത്തിൽ അതു രൂഢമൂലമായിരിക്കുന്ന ആദിസനാതനസത്യത്തിന്റെ വഴിത്തിരിവിൽ വരുന്ന ഓരോ രംഗങ്ങളെയും നമ്മൾ ആത്മസാക്ഷാത്കാരം കൊണ്ട് തിരിച്ചറിയണം. തിരിച്ചറിയേണ്ട ഭാഗം ഗുരുവും ശിഷ്യനുമായിട്ടുള്ള ബന്ധമാണ്. ആ ബന്ധത്തിൽ ത്രിമൂർത്തി സമ്പ്രദായത്തിന്റെയെന്നല്ല കോടാനുകോടി യോഗീശ്വരന്മാരുടേയോ ഋഷീശ്വരൻമാരുടേയോ മറ്റേതെങ്കിലും പൂജ ചെയ്തുപോയിട്ടുള്ള അപ്പോസ്തലവഴികളോ എന്നുവേണ്ട സർവവിധ ആരാധനാസമ്പ്രദായങ്ങളിലും അരൂപികളും സരൂപികളുമായിട്ടു നിൽക്കുന്ന ഈ വകകളെ നമ്മളെങ്ങനെ ഗുരുവിലേക്ക് അണയ്ക്കും, ഗുരു എങ്ങനെയാണ് നിൽക്കുന്നതെന്ന് ഒരു യാത്രയിലൂടെയെന്നല്ല ഏതെല്ലാം വഴികളിൽ നമുക്ക് മനസിലാകും.

ഒരു തീർത്ഥയാത്രയെന്നു പറയുമ്പോൾ അവധൂതവഴിക്കു പോകുന്ന സങ്കല്പങ്ങളാണ്. അത് നല്ലതിനെ എടുക്കാനുമാകാം, ചീത്തയ്ക്കുമാകാം. സ്ഥാനം കിട്ടേണ്ടത് കിട്ടേണ്ടിടത്തു നിന്ന് കിട്ടുന്നതുമാകാം. അങ്ങനെ പലവഴിക്കാണ്. ചില ദർശനങ്ങൾ ഉയരാനും, ചില ദർശനങ്ങൾ കിട്ടാനും, ചിലരെ അവസ്ഥകൾ മാറാനും അത് മറികടക്കാനുമൊക്കെ പോകാറുണ്ട്. ഇത് എന്തെന്നല്ല, ഗുരു സമ്പാദിച്ചുവച്ച വക നമ്മൾ അത് നേരായി കൊണ്ടുപോയി നടത്തി അതിന്റേതായ യോഗ്യതയിൽ ദൈവത്തിന്റെ കാരുണ്യത്തിൽ ഗുരുസ്വരൂപം നിന്നുവിളങ്ങുന്ന രംഗത്താണ് നാം ഇത് ചെയ്തെടുക്കേണ്ടത്. കോട്ടയം ആശ്രമത്തിലും എറണാകുളത്തും ചന്ദിരൂരിലും എവിടെയാണെങ്കിലും ചെല്ലുമ്പോൾ ഗുരുവിനെ ബാഹ്യത്തിൽ കണ്ടിട്ടില്ലാത്തവർ ഈ ത്രിമൂർത്തിസമ്പ്രദായത്തിനപ്പുറത്തുള്ള ദർശനത്തെ കണ്ടിട്ട് കാര്യങ്ങൾ എന്നോടു വന്നുപറയുകയാണ്. ഒരമ്മ എന്നോടു വന്നു പറഞ്ഞു, അവരിങ്ങനെ കാണുന്ന കാര്യം. ആ അമ്മ മൂന്ന് ഓങ്കാരം കാണുകയാണ്. പിന്നെ ഈ ലോകം മൊത്തം താമരപ്പാടങ്ങളായിട്ടാണ് കാണുന്നത്. ഒന്നും അറിയാത്ത ഒട്ടും അറിവില്ലാത്ത മനുഷ്യർക്ക് ഈശ്വരകനിവിനാൽ അല്ലെങ്കിൽ ഗുരുവിന്റെ പ്രഭയിൽ ഇത് കിട്ടുന്നത് പ്രകൃതിയുടെ ആ സന്തോഷം തന്നെയാണ്.

പ്രകൃതിയിൽ ലയനാത്മകമായിട്ടു നിൽക്കുന്ന ആത്മീയസത്യത്തെ ദ്വൈതവും അദ്വൈതവുമായി ഇണക്കിച്ചേർത്ത് നിർത്തിയിരിക്കുന്ന രംഗങ്ങളാണ്. ഈ സൃഷ്ടിയുടെ സകലരംഗങ്ങളും കടന്ന് ഈ ത്രിമൂർത്തിസമ്പ്രദായത്തിന്റെ എല്ലാ വശങ്ങളും തന്റെ ഗുരുവിലുണ്ട്. ഇവിടെ നിൽക്കുന്നവർക്കും ഇനി വരാനുള്ളവർക്കും ഇരിക്കുന്നവർക്കും ഒരു പാഠമായിട്ട് പ്രകൃതിയിൽ നിന്നുതന്നെ ഗുരു അത് കാണിച്ചുതരികയാണ്. ഇങ്ങനെ അനവധിപേരെ നാം ഈ യാത്രയിൽ കണ്ടുമുട്ടുകയാണ്. അങ്ങനെയുള്ള ഈ അനുഭവസിദ്ധാന്തത്തിൽ അനുഭവം എന്താണെന്ന് നാം മനസിലാക്കിയിട്ട്, ഗുരുവിന്റെ അനുഭവമാണ് ദൈവമെന്നും വാക്കാണു സത്യം, സത്യമാണു ഗുരു, ഗുരുവാണു ദൈവം എന്നു നാം അനുഭവിച്ചറിയുകയാണ്. മാനവരാശിയുടെ ഇന്നത്തേക്കും നാളത്തേയ്ക്കുമുള്ള ഗുരുവിന്റെ സന്ദേശത്തെ നാം എടുത്ത് വിളംബരം ചെയ്യുകയാണ്. അങ്ങനെയുള്ള സന്ദേശം ഗുരുവിങ്കൽ നിന്നും നാം നൊമ്പരപ്പെട്ടും സ്നേഹംകൊണ്ടും സ്നേഹവാത്സല്യങ്ങൾകൊണ്ടും നേടിയെടുത്തിട്ട് ലോകത്തിന് ഗുരു ആരാണെന്ന് അറിയിക്കേണ്ട കടപ്പാടാണ് നാം ചെയ്തെടുക്കുന്നത്.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**
അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# യഥാർത്ഥ മാനവികത

പുരാണത്തിൽ ഒരു കഥയുണ്ട്, യുദ്ധഭൂമിയിൽ കാത്തിരുന്ന ഒരു കഴുകനെക്കുറിച്ച്. പോരാട്ടം കൊടുമ്പിരി കൊള്ളുന്ന യുദ്ധക്കളത്തിൽ കബന്ധങ്ങളെ നോക്കിയിരിക്കുന്ന കഴുകൻ. ധാരാളം ശവശരീരങ്ങൾ ആ യുദ്ധഭൂമിയിൽ വീണു കിടക്കുന്നു. എന്നാൽ കഴുകൻ അതിലൊന്നും ശ്രദ്ധിക്കാതെ മറ്റെന്തോ തിരയുകയായിരുന്നു. ഇത് കാണാനിടയായ നാരദമഹർഷി കഴുകനോട് ചോദിച്ചു:

"ഹേ കഴുകാ, നീ എന്താണ് തിരയുന്നത്?"

കഴുകൻ പറഞ്ഞു:

"മഹർഷേ, എന്റെ ഭാര്യയ്ക്ക് മാറാവ്യാധിയാണ്. രോഗം മാറണമെങ്കിൽ ഒരു മനുഷ്യന്റെ കരൾ ഭക്ഷിക്കണം. അതു കിട്ടുമോയെന്നാണ് ഞാൻ നോക്കുന്നത്."

"അതിനെന്താ ഇവിടെ ഒരുപാട് മനുഷ്യശരീരങ്ങളുണ്ടല്ലോ?"

നാരദമഹർഷി ചോദിച്ചു.

അപ്പോൾ കഴുകൻ നാരദ മഹർഷിയോട് തന്നെ സ്പർശിച്ചുകൊണ്ട് യുദ്ധക്കളത്തിലേക്ക് നോക്കാൻ പറഞ്ഞു. നാരദമഹർഷി അപ്രകാരം ചെയ്തപ്പോൾ കണ്ട കാഴ്ച വിചിത്രമായിരുന്നു. യുദ്ധഭൂമിയിൽ ഒറ്റ മനുഷ്യനെയും കാണുന്നില്ല. പകരം ഹിംസ്രജന്തുക്കളും ക്ഷുദ്രജീവികളുമായ തേളും പഴുതാരയും പാമ്പും കുറുക്കനും ചെന്നായയും പുലിയും കടുവയും സിംഹവും ഒക്കെ ചത്തുകിടക്കുന്നതായിട്ടാണ് കാണുന്നത്. ഇന്നിന്റെ മനുഷ്യരുടെ നേർക്കാഴ്ചയാണിത്. മനുഷ്യന്റെ ശരീരവും ഹിംസ്രജന്തുക്കളുടെ മനസുമായാണ് ഇപ്പോൾ മനുഷ്യർ മുന്നോട്ടുപോകുന്നത്. പുരോഗതിയുടെ കാലത്ത് പച്ചമനുഷ്യനെ കാണാതായിരിക്കുന്നു. ഹൃദയശുദ്ധിയാണ് നമ്മെ മനുഷ്യരാക്കുന്നതെന്ന സത്യം നാം മറന്നുപോകുന്നു. ഹൃദയശുദ്ധിയുണ്ടെങ്കിൽ മാത്രമെ ദൈവികമാർഗത്തിൽ സഞ്ചരിക്കാനാവുകയുള്ളൂ. അല്ലായെങ്കിൽ കഴുകൻ കണ്ടതുപോലെ നാമൊക്കെയും ഏതോ ഹിംസ്രജീവിയായിട്ടായിരിക്കും നമ്മുടെ ജീവിതം ആടിത്തീർക്കുന്നത്.

ഒരുപാട് കേട്ട ഒരു പ്രവാചകവചനമുണ്ട്. "ദൈവം നോക്കുന്നത് നമ്മുടെ രൂപത്തിലേക്കോ പ്രവർത്തനങ്ങളിലേക്കോ അല്ല. മറിച്ച് ഹൃദയത്തിലേക്കാണ്." ഇന്ന് ദൈവത്തെപ്പോലും കബളിപ്പിക്കാനുള്ള ശ്രമത്തിലാണ് മനുഷ്യർ. തികച്ചും കപടതയിലാണ് ഇന്നത്തെ ലോകം നീങ്ങുന്നത്. കപടതയാണെന്ന് തിരിച്ചറിയാൻ പോലും കഴിയാത്തത്ര ആഴത്തിലേക്ക് ലോകം ആണ്ടുപോയിരിക്കുന്നു. എത്രമാത്രം വൈരുദ്ധ്യം നിറഞ്ഞതാണ് നമ്മുടെ ജീവിതം. ഇക്കാലത്ത് വ്യക്തിതാല്പര്യങ്ങളുടെ അടിസ്ഥാനത്തിലാണ് സ്നേഹബന്ധങ്ങൾപോലും രൂപപ്പെടുന്നത്. നമുക്ക് ഉപകാരമുണ്ടെങ്കിൽ മാത്രമെ സ്നേഹമുള്ളൂ. അതുകൊണ്ടുതന്നെയാണ് ബന്ധങ്ങൾ വഷളാകുന്നതും തകരുന്നതും. സ്വന്തം താൽപര്യങ്ങൾക്കുവേണ്ടിയാണ് സ്നേഹമെങ്കിൽ അതിന്റെ പരിണതഫലം ശത്രുതയായിരിക്കും. നിസ്വാർത്ഥവും നിഷ്കളങ്കവുമായ സ്നേഹത്തിനു മാത്രമെ യഥാർത്ഥ മാനവികത പ്രകാശിപ്പിക്കാൻ സാധിക്കുകയുള്ളൂ.



'ഉണർവ് 2018' സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു

# 'ഉണർവ് 2018' നു ആവേശോജ്ജ്വല തുടക്കം

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ ഈ വർഷത്തെ കലാ കായിക മത്സരങ്ങൾക്ക് മെയ് 25 വെള്ളിയാഴ്ച തുടക്കമായി. 'ഉണർവ് 2018' ന്റെ ഭാഗമായുള്ള കായികമത്സരങ്ങളുടെ ഉദ്ഘാടനം ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷൻ ഇൻചാർജ് സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി നിർവഹിച്ചു. സ്പോർട്സ് മത്സരങ്ങൾ മെയ് 30 നു സമാപിച്ചു.

ഗെയിംസ് ഇനങ്ങളിൽ ബാഡ്മിന്റൺ, വോളിബോൾ, ത്രോബോൾ, കാരംസ്, ചെസ്, ക്രിക്കറ്റ് എന്നിവയും അത്‌ലറ്റിക്സിൽ ഓട്ടം, ലോങ്ജംപ്, ഹൈജംപ്, ത്രോ ഇവന്റ്സ്, റിലേ എന്നിവയുമാണ് സംഘടിപ്പിച്ചത്. സ്റ്റാഫംഗങ്ങൾക്ക് വേണ്ടി സൗഹൃദ മത്സരങ്ങളും ഉണ്ടായിരുന്നു. 2 ന് സ്പോർട്സ് ഡേ നടന്നു. ആർട്സ് മത്സരങ്ങൾ 11, 12, 13 തീയതികളിലായി നടക്കും.

ഫിസിക്കൽ എജ്യൂക്കേഷൻ അധ്യാപകൻ ബിനോദ്. കെ യുടെ നേതൃത്വത്തിലുള്ള സ്പോർട്സ് കമ്മിറ്റി കായിക മത്സരങ്ങളുടേയും അനാട്ടമി വിഭാഗം പ്രൊഫസർ ഡോ. ജി. മോഹനാംബിഗൈയുടെ നേതൃത്വത്തിലുള്ള ആർട്സ് കമ്മിറ്റി കലാമത്സരങ്ങളുടേയും മേൽനോട്ടം വഹിക്കുമെന്ന് പ്രിൻസിപ്പൽ ഡോ.എ. വാസുകീദേവി അറിയിച്ചു. വിദ്യാർത്ഥികളെ ബ്ലൂ, ഗ്രീൻ, റെഡ്, വൈറ്റ് എന്നിങ്ങനെ നാല് ഹൗസുകളായി തിരിച്ചാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ഓരോ ഹൗസിന്റേയും ചുമതലക്കാരായി അധ്യാപകരെ നിയോഗിച്ചിട്ടുണ്ട്.




പുകയില വിരുദ്ധദിനം സെമിനാർ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

# സിദ്ധ മെഡിക്കൽ കോളേജിൽ പുകയില വിരുദ്ധദിനം

**ഹെൽത്ത്കെയർ സോൺ :** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പുകയില വിരുദ്ധദിനം ആചരിച്ചു. കോളേജ് ആഡിറ്റോറിയത്തിൽ വച്ച് നടന്ന ബോധവത്കരണ സെമിനാറിന്റെ ഉദ്ഘാടനം ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയ്നിംഗ് & ഡെവലപ്മെന്റ് ഇൻചാർജ് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി നിർവഹിച്ചു.

ശീലങ്ങൾ എന്തുതന്നെ ആയാലും അത് മനുഷ്യന്റെ വാസനയുടെ ഫലമാണ്. നല്ലതും ചീത്തയുമായ വാസനകളെ തിരിച്ചറിഞ്ഞ് തിരുത്താനുള്ള അവബോധമാണ് മനുഷ്യനു വേണ്ടത്. അങ്ങനെ തിരുത്തപ്പെടുമ്പോൾ മാത്രമേ മികച്ച നിലവാരത്തിലെത്താനും ദുഃശ്ശീലങ്ങളെ മാറ്റിയെടുക്കാനും കഴിയൂ. മനുഷ്യൻ ചിട്ടയായ ജീവിതക്രമത്തിലും വൃത്തിയിലും പ്രകൃതിയോടിണങ്ങിയും ജീവിക്കണമെന്ന് പഠിപ്പിക്കുന്ന വൈദ്യശാസ്ത്രമാണ് സിദ്ധമെന്നും സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി പറഞ്ഞു.

കോളേജ് പ്രിൻസിപ്പൽ ഡോ. എ.വാസുകീദേവി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ. കെ. ജഗന്നാഥൻ, ഡോ. പി. ഹരിഹരൻ, വിദ്യാർത്ഥി പ്രതിനിധി ജെയിംസ് ജെന്നിഫർ നെറ്റോ, നരെൻശ്രീ എസ് എന്നിവർ സംസാരിച്ചു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഡോ.കെ. നമശിവായം സ്വാഗതവും വോളണ്ടിയർ അഖിൽ സുഭാഷ് കൃതജ്ഞതയും പറഞ്ഞു.

# 'പുണ്യം പൂങ്കാവനം' പദ്ധതിയുമായി ശാന്തിഗിരി ആശ്രമം കൈകോർക്കും




'പുണ്യം പൂങ്കാവനം' പരിപാടിയിൽ സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി പ്രഭാഷണം നടത്തുന്നു

**തിരുവനന്തപുരം:** കേരള പോലീസിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന 'പുണ്യം പൂങ്കാവനം' പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളുമായി ശാന്തിഗിരി ഗ്രീൻ പ്രോട്ടോകോൾ സഹകരിക്കും.

ശബരിമലയിലെ വനങ്ങളെയും പമ്പാ നദിയേയും പോഷകനദികളേയും സംരക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടെ കേരള പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് പുണ്യം പൂങ്കാവനം. ഐ.ജി. പി. വിജയന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രചരണം ഇപ്പോൾ രാജ്യമൊട്ടാകെ നടന്നുവരികയാണ്. ഈ പ്രവർത്തനത്തിലാണ് ശാന്തിഗിരി ആശ്രമവും അണിചേരുന്നത്. ആശ്രമം ഇതിനകം തന്നെ സംസ്ഥാന സർക്കാരിന്റെ ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതി പ്രമാണങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ട്.

പുണ്യം പൂങ്കാവനം പദ്ധതിയുടെ സന്ദേശപ്രചരണസംഘം ഭാരതയാത്ര നടത്തി തിരിച്ചുവന്ന 2018 മെയ് 30 ന് രാവിലെ 10 മണിക്ക് തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ കിഴക്കേനടയിൽ വെച്ച് കേരള പോലീസും തിരുവനന്തപുരം പൗരാവലിയും ശാന്തിഗിരി ആശ്രമവും സംയുക്തമായി സ്വീകരണം നല്കി. തുടർന്ന് വൈകുണ്ഠം കല്യാണമണ്ഡപത്തിൽ നടന്ന സാംസ്കാരിക സമ്മേളനത്തിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പ്രഭാഷണം നടത്തി.

നാം ഉൾപ്പെടുന്ന പ്രകൃതിയെ സംരക്ഷിച്ച് പരിപാലിക്കേണ്ടത് സുസ്ഥിരമായ ആവാസ വ്യവസ്ഥിതിയ്ക്ക് അത്യാവശ്യമാണ്. ഇന്ന് പടർന്നുപിടിക്കുന്ന പകർച്ചവ്യാധികളും, സാംക്രമികരോഗങ്ങളുമൊക്കെ മനുഷ്യൻ പരിസ്ഥിതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നതിന്റെ പ്രതികരണങ്ങളായാണ് വിദഗ്ദ്ധർ വിലയിരുത്തുന്നത്. ഈ സാഹചര്യത്തിൽ പരിസ്ഥിതി സംരക്ഷണസന്ദേശം പൊതുജനങ്ങളിൽ എത്തിക്കേണ്ടത് അനിവാര്യമായിരിക്കുകയാണെന്ന് ബന്ധപ്പെട്ടവർ ചൂണ്ടിക്കാട്ടുന്നു.

# മഴക്കാലപൂർവ ശുചീകരണം നടന്നു

**ഹെൽത്ത്കെയർ സോൺ :** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ ഭൂമിത്രസേന ക്ലബിന്റെ ആഭിമുഖ്യത്തിൽ ക്യാമ്പസിൽ മഴക്കാലപൂർവ ശുചീകരണം നടത്തി. ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം പ്രിൻസിപ്പൽ ഡോ. എ. വാസുകീദേവി നിർവഹിച്ചു. വിദ്യാർത്ഥികൾ പ്രകൃതിയെ അറിയണമെന്നും ശുചിത്വ ബോധം ക്യാമ്പസുകളിൽ നിന്നും പഠിക്കണമെന്നും പ്രിൻസിപ്പൽ പറഞ്ഞു. വിദ്യാർത്ഥികളോടൊപ്പം അധ്യാപകരും സ്റ്റാഫും ശുചീകരണ യജ്ഞത്തിൽ പങ്കാളികളായി. ശുചികരണത്തിനുശേഷം ക്യാമ്പസിൽ മഴക്കുഴികളും നിർമ്മിക്കുമെന്ന് ഭൂമിത്രസേന ക്ലബ്ബ് കോർഡിനേറ്റർ ഷിബു. ബി അറിയിച്ചു.

# വിവാഹിതരായി



കോഴിക്കോട് കക്കോടി കിഴക്കുമുറി 'കദളീവന'ത്തിൽ കെ. എം. ഭാസ്കരന്റെയും കെ. സാവിത്രിയുടെയും മകൻ കെ. മഹേശനും കോഴിക്കോട് മാണിക്കോത്ത് അത്തോളിയിൽ ഗോപിയുടെയും രത്നയുടെയും മകൾ വി.വി. രശ്മിയും മെയ് 31 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി



ശാന്തിഗിരി കരുണ ബേബി ക്രഷിൽ നിന്നും ഈ വർഷം പുതുതായി സ്കൂളിലേക്കു പോകുന്ന കുട്ടികൾക്ക് ജനനി സുപഥ ജ്ഞാനതപസ്വിനി സർട്ടിഫിക്കറ്റ് നൽകുന്നു. ജനനി രേണുരൂപ ജ്ഞാനതപസ്വിനി സമീപം.

